**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **04-02-2026 - ൽ മറുപടിയ്ക്ക്**

**റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ആലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാന തലത്തിലാണ് റോഡ് സുരക്ഷാ പദ്ധതികൾക്ക് പ്രധാനമായും ഫണ്ട് അനുവദിച്ചു വരുന്നത്. കൂടാതെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ മുഖാന്തിരം ലഭ്യമാകുന്ന പ്രപ്പോസലുകൾ പരിശോധിച്ച് ജില്ലാ തലത്തിലുള്ള പദ്ധതികൾക്കും റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ ജില്ലയ്ക്ക് മാത്രമായി ചുവടെ ചേർക്കുന്ന രണ്ട് പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br><br>1. ആലപ്പുഴ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകളും മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പദ്ധതി (സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം) - ₹49,06,354/- രൂപ<br><br>2. ആലപ്പുഴ ജില്ലയിലെ കല്ലിശ്ശേരി - പ്രാവിൻകൂടിൽ സോളാർ ബ്ലിങ്കറുകൾ സ്ഥാപിക്കുന്ന പദ്ധതി- 1,05,000/- രൂപ (ആലപ്പുഴ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽ മുഖാന്തിരം)<br><br>കൂടാതെ Blackspot rectification -നുമായി ബന്ധപ്പെട്ട് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കായും 2023-24 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയ്ക്കും അഞ്ചു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി അതോറിറ്റിയുടെ ആലപ്പുഴ ജില്ലാ സമിതികൾ നടത്തിയ മീറ്റിംഗുകളുടെ മിനിട്ട്സ് ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ ആലപ്പുഴ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗങ്ങളുടെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

02/05/2023 രാവിലെ 10.30 മണിക്ക് ബഹു. എ.ഡി.എം. ശ്രീ.സന്തോഷ്കുമാർ.എസ് ന്റെ അധ്യക്ഷതയിൽ കൂടിയ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ

<u>യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ.ആന്റണി കെ.സി. ആർ.ടി.ഒ(എൻഫോഴ്സ്മെന്റ് ) ,ആലപ്പുഴ
2. ശ്രീ.ഷൈജു. ഡി, എസ് ഐ , ജില്ലാ ക്രൈം ബ്രാഞ്ച്, ആലപ്പുഴ
3. ശ്രീ.ബിജു. വി, ഡി.ഇ .ഇ പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ
4. ശ്രീ.രേഖ. റ്റി, എ.ഇ.ഇ, പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ
5. ശ്രീ.ഷാനജ.കെ.എ, എ.ഇ , കെ ആർ എഫ് ബി, ആലപ്പുഴ

<u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.</u>

കഴിഞ്ഞ രണ്ടു യോഗങ്ങളിലും **പി ഡബ്ല്യൂ ഡി എൻ എച്ച് വിഭാഗം പ്രതിനിധികൾ** ആരും തന്നെ പങ്കെടുക്കുകയോ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടത് നൽകുകയോ ഉണ്ടായിട്ടില്ല ആയതു മേലധികാരികളെ അറിയിക്കുവാൻ നിർദ്ദേശം നൽകി.

**തുടർന്ന് 29/12/2022 ൽ കൂടിയ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്തു.**

**ക്രമനമ്പർ 1ൽ** പറഞ്ഞിരിക്കുന്ന പ്രപ്പോസൽ ഉടൻ തന്നെ സമർപ്പിക്കുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

**ക്രമനമ്പർ 6 ൽ** പറഞ്ഞിരിക്കുന്ന കുഴികൾ ടാർ ചെയ്തു അപകട രഹിതമാക്കിയിട്ടുണ്ട് എന്ന് കെ ആർ എഫ് ബി അറിയിച്ചു.

**ക്രമ നമ്പർ 11 ൽ** പറഞ്ഞിരിക്കുന്ന ചേർത്തല നഗരത്തിലെ ജംഗ്ഷനുകളിൽ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് PKD/RB/EST/2184/2023 പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4,50,000/- രൂപ അനുവദിച്ചതിൻ പ്രകാരം പ്രസ്തുത പ്രവർത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 12 ൽ** പറഞ്ഞിരിക്കുന്ന തിരുവല്ല -അമ്പലപ്പുഴ റോഡിൽ ആനപ്രമ്പാൽ എം.ടി.എസ് .ഹൈസ്കൂളിന് മുൻപിൽ സീബ്രാ ലൈൻ,School Ahead എന്ന മുന്നറിയിപ്പ് ബോർഡ് , മിറർ എന്നിവ സ്ഥാപിക്കുന്നതിന് അമ്പലപ്പുഴ - തിരുവല്ല റോഡ് കെ.ആർ.എഫ്.ബി പത്തനംതിട്ടയുടെ അധീനതയിൽ ആയതിനാൽ റോഡ് സേഫ്റ്റി കൗൺസിലിൽ നേരിട്ട് മറുപടി നൽകുവാൻ കത്ത് നൽകിയതായി പൊതുമരാമത്ത് വിഭാഗം അറിയിച്ചു. സ്കൂൾ സമയങ്ങളിൽ രാവിലെയും ഉച്ചയ്ക്കും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സേവനം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതു മുതൽ ലഭ്യമാകുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

**ക്രമ നമ്പർ16 ൽ** പറഞ്ഞിരിക്കുന്ന മണ്ണഞ്ചേരി ജംഗ്ഷനിൽ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

(PWD/RB/EST/8276/2023) സമർപ്പിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു. ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് ട്രാഫിക് എൻഫോഴ്സ്മെന്റ് മുഖേനയാണ് എന്ന് പൊതുനിരത്ത് വിഭാഗം അറിയിച്ചതിനാൽ ആയതിനു വേണ്ട തുടർ നടപടി സ്വീകരിക്കുവാൻ ട്രാഫിക് ചുമതലയുള്ള പോലീസിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ക്രമ നമ്പർ 19 ൽ** പറഞ്ഞിരിക്കുന്ന ആലപ്പുഴ-തണ്ണീർമുക്കം സംസ്ഥാന പാതയിൽ KPMUP School – ന് സമീപത്തുള്ള വളവുകളിൽ അപകടങ്ങൾ കുറയ്ക്കുവാനാവശ്യമായ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും അപകടങ്ങൾ പൂർണമായി ഒഴിവാക്കുന്നതിന് പ്രസ്തുത സ്ഥലത്തെ വളവുകൾ നിവർത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് ഈ ഭാഗത്തെ റോഡിൻറെ അതിർത്തി നിർണയിച്ചു തരുന്നതിന് അമ്പലപ്പുഴ തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. അതിർത്തി നിർണയിച്ചു ലഭിച്ചതിന് ശേഷം വളവുകൾ നിവർത്തി അപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 21 ൽ** പറഞ്ഞിരിക്കുന്ന തൈക്കാട്ടുശ്ശേരി പാലത്തിൽ നിന്നും തൈക്കാട്ടുശ്ശേരി പള്ളി വരെയുള്ള ഭാഗത്തു ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് റോഡ് സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി pwd/rb/est/2195/2023 പ്രകാരം എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് ടെണ്ടർ നടപടി പുരോഗമിക്കുന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 23 ൽ** പറഞ്ഞിരിക്കുന്ന അരൂർ ക്ഷേത്രം ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് ദേശീയപാതയോട് ചേർന്ന് വരുന്ന ഭാഗത്തു 19 മീറ്റർ വീതിയും കിഴക്കോട്ട് വീതി കുറഞ്ഞു 7 മീറ്ററും ആണ്. ആയതിനാൽ റോഡിൽ ഡിവൈഡർ നിർമിക്കുന്നത് അശാസ്ത്രീയമാണ് എന്നും ,സ്ഥലം ഏറ്റെടുത്തു ജംഗ്ഷൻ വികസനം നടത്തിയാൽ മാത്രമേ ഡിവൈഡർ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 29 ൽ** പറഞ്ഞിരിക്കുന്ന മാരാരിക്കുളം – പെരുമന ജംഗ്ഷനിൽ സ്റ്റഡ് , ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം അറിയിച്ചു. ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് ട്രാഫിക് എൻഫോഴ്സ്മെന്റ് മുഖേനയാണ് എന്ന് പൊതുനിരത്ത് വിഭാഗം അറിയിച്ചതിനാൽ ആയതിനു വേണ്ട തുടർ നടപടി സ്വീകരിക്കുവാൻ ട്രാഫിക് ചുമതലയുള്ള പോലീസിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ക്രമ നമ്പർ 30 ൽ** പറഞ്ഞിരിക്കുന്ന ഹരിപ്പാട് – എടത്വാ റോഡ് 9.7 KM ആണ്. അതിൽ ഹരിപ്പാട് – വീയപുരം റോഡിൽ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നും എടത്വാ –വീയപുരം റോഡ് നിലവിൽ RKI പ്രവർത്തിക്കായി KSTP കൊട്ടാരക്കരയുടെ അധീനതയിൽ ആണെന്നും അതിനാൽ ഈ വിഷയത്തിൽ മറുപടിക്കായി KSTP കൊട്ടാരക്കരയ്ക്കു കത്ത് നൽകിയതായും പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 33 ൽ** പറഞ്ഞിരിക്കുന്ന മാവേലിക്കര – ളാഹ ജംഗ്ഷനിൽ ട്രാഫിക് സുരക്ഷയെ മുൻനിർത്തി ഹംബുകൾക്ക് പകരം റംമ്പിൾ സ്ട്രിപ്സ് ,ഡെലിനിയെറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി PWD/RB/FL/347/2023 പ്രകാരം 1,00,000/– രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് എന്നും ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ് എന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 33 ൽ** പറഞ്ഞിരിക്കുന്ന നേതാജി സുഭാഷ് ചന്ദ്രബോസ് റോഡിൽ കേരള വാട്ടർ അതോറിറ്റി അമൃത് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് സ്ഥാപിച്ചിരുന്നു എന്നും ഈ ഭാഗങ്ങൾ പുനർ നിർമ്മിക്കുന്ന പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു എന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 36 ൽ** പറഞ്ഞിരിക്കുന്ന ചാത്തനാട് വളവിൽ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PWD/RB/EST/8276/2023 പ്രകാരം സമർപ്പിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 37 ൽ** പറഞ്ഞിരിക്കുന്ന മാവേലിക്കര – ബുദ്ധ ജംഗ്ഷനിൽ സ്റ്റഡ് , ബോർഡുകൾ,റംമ്പിൾ സ്ട്രിപ്സ് മുതലായവ സ്ഥാപിച്ചിട്ടുണ്ട് എന്നും ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് ട്രാഫിക് എൻഫോഴ്സ്മെന്റ് മുഖേനയാണ് എന്ന് പൊതുനിരത്ത് വിഭാഗം അറിയിച്ചതിനാൽ ആയതിനു വേണ്ട തുടർ നടപടി സ്വീകരിക്കുവാൻ ട്രാഫിക് ചുമതലയുള്ള പോലീസിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**തുടർന്ന് പുതിയ അജണ്ടയിൽ ചർച്ച നടത്തുകയും താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

1. ആലപ്പുഴ ബൈപാസിൽ സ്പീഡ് റഡാർ ക്യാമറകൾ സ്ഥാപിക്കുന്നത് കാലതാമസം വരുന്നത് ഒഴിവാക്കി അടിയന്തിരമായി പരിഗണിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് കത്ത് അയക്കുവാൻ തീരുമാനിച്ചു.(നടപടി:ആർ.ടി.ഒ .എൻഫോഴ്സ്മെന്റ്)

2.ആലപ്പുഴ നഗരത്തിൽ PWD റോഡ് നടപ്പാത കൈയേറി തെരുവ് കച്ചവടക്കാർ കച്ചവടം നടത്തുന്നത് സംബന്ധിച്ച് N C John Company Secretary കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നൽകിയ പരാതിയിൽ 15-05-2023 തീയതിയിൽ ഒഴിഞ്ഞുപോകുവാൻ നോട്ടീസ് നൽകിയതായി എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു. ഈ വിഷയത്തിൽ തുടർ നിയമനടപടി സ്വീകരിക്കുവാനും ആയതു റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകി.(നടപടി: പൊതുമരാമത്ത് നിരത്ത് വിഭാഗം)

3.ആലപ്പുഴ തീരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ NATPAC മുഖേന നടത്തുകയും അത് പ്രകാരം തയ്യാറാക്കിയ അലൈൻമെന്റ് സ്കെച്ച് അനുസരിച്ചാണ് സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലവിലുള്ള റോഡിലെ വളവുകൾ നിവർത്തുന്നത് മൂലം റോഡിനി ഇരുവശത്തുനിന്നും തുല്യ അളവിൽ സ്ഥലം ഏറ്റെടുക്കുന്നതിനു പകരം ഒരുവശത്തു നിന്നു മാത്രം കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ടി പരാതിക്കാരന്റെ

31.12.2022 ലെ പരാതി 3.01 .2023 ൽ NATPAC ലേക്ക് കൈമാറിയിട്ടുള്ളതാണ് എന്ന് കെ ആർ എഫ് ബി അറിയിച്ചു.

**4.** മാവേലിക്കര പോലീസ് സ്റ്റേഷന് മുൻവശം PWD റോഡ് കൈയേറി പച്ചക്കറി വ്യാപാരം നടത്തുന്നത് സംബന്ധിച്ച ശ്രീ. ഷിനോജ് എസ് ബഹു.ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ നോട്ടീസ് നൽകി തുടർ നിയമനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി. (നടപടി: പൊതുമരാമത്ത് നിരത്ത് വിഭാഗം)

**5.** ചെങ്ങന്നൂർ - കല്ലിശ്ശേരി ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നത് സംബന്ധിച്ച ശ്രീ. മാത്യു കുഴൽനാടൻ എം എൽ എ ബഹു.ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ പറഞ്ഞിരിക്കുന്ന ആലപ്പുഴ ജില്ലയിൽ കല്ലിശ്ശേരി, പ്രാവിൻകൂട് ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകളും ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കുന്ന തുമായി ബന്ധപ്പെട്ട വിഷയത്തിൽ, കെൽട്രോൺ സമർപ്പിച്ച 28,38,360/-രൂപയുടെ പ്രപ്പോസൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗം അംഗീകരിക്കുകയും ,തുക അനുവദിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകിയിരുന്നു. ആയതിൽ 03-02-2023 തീയതിയിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ലഭിച്ച എ2/649/കെ.ആർ.എസ്.എ/2020 കത്ത് പ്രകാരം കെൽട്രോൺ സമർപ്പിച്ച പ്രപ്പോസലിൽ കെ.ആർ.എസ്.എ ടെക്നിക്കൽ കമ്മറ്റി നടത്തിയ സാധ്യത പഠനത്തിൽ കല്ലിശ്ശേരി ജംഗ്ഷനിൽ സോളാർ പവർ ബ്ലിങ്കർ മാത്രമാണ് അനുവദിച്ച നൽകിയത്. ആയതു നിർമ്മിച്ച നൽകുവാൻ കെൽട്രോൺ ട്രാഫിക് സിഗ്നൽ ജനറൽ മാനേജർക്ക് കത്ത് നല്കിയിട്ടുള്ളതും ആണ്.

ഈ വിഷയത്തിൽ കല്ലിശ്ശേരിയിൽ അനുവദിച്ചിരിക്കുന്ന ബ്ലിങ്കർ ലൈറ്റുകൾ മാത്രം പോരാ എന്നും അപകടങ്ങൾ കുറയ്ക്കുവാനും ഗതാഗത നിയന്ത്രണത്തിനും ട്രാഫിക് സിഗ്നൽ ലൈറ്റുകൾ അനുവദിക്കുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് കത്ത് നൽകുവാൻ യോഗം തീരുമാനിച്ചു. (നടപടി:ആർ.ടി.ഒ .എൻഫോഴ്സ്മെന്റ്)

**6.** കളർകോട്-കൊമ്മാടി ട്രാഫിക് സിഗ്നലുകൾ സ്ഥിരമായി പ്രവർത്തനരഹിതമാകുന്നത് അടിയന്തിരമായി പരിഹരിക്കുന്നതിനും ആയതു റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകി. (നടപടി: പൊതുമരാമത്ത് നിരത്ത് വിഭാഗം)

**7.**ദേശീയപാത-66 കളർകോട് ജംഗ്ഷനിൽ റിലയൻസ് സൂപ്പർ മാർക്കറ്റിനു മുൻ ഭാഗത്തായി മഴക്കാലത്തു റോഡിൽ കെട്ടികിടക്കുന്ന മലിനജലം ജലസ്രോതസിൽ ചേരുന്നതിനായി ഓടകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.(നടപടി: ദേശീയപാത വിഭാഗം)

**8.** നേതാജി സുഭാഷ് ചന്ദ്രബോസ് റോഡ് അനുമതി ലഭിച്ച, ഉടൻ നിർമാണ ജോലികൾ ആരംഭിക്കുമെന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം അറിയിച്ചു. (നടപടി: പൊതുമരാമത്ത് നിരത്ത് വിഭാഗം)

9. സംയുക്ത പരിശോധനയിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് താത്കാലിക സൗകര്യം ഒരുക്കുന്നതിന് ജില്ലാ ഭരണകൂടം തയ്യാറാണ് എന്ന് അറിയിച്ചു. (നടപടി: ജില്ലാ ഭരണകൂടം– പോലീസ്)

10. പെണ്ണുക്കര കനാൽ ജംഗ്ഷൻ മുതൽ നെട്ടവാരംകോട് വരെയുള്ള റോഡിലെ അപകടം ഒഴിവാക്കുന്നത് സംബന്ധിച്ച ബഹു. ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രിയും എം.എൽ.എ യുമായ ശ്രീ.സജി ചെറിയാൻ അവർകളുടെ 22-12-2022 തീയതിയിലെ കത്തിൽ നടപടിയും റിപ്പോർട്ടും നൽകുവാൻ പൊതുമരാമത്തു നിരത്ത് വിഭാഗത്തിന് നിർദ്ദേശം നൽകി. (നടപടി: പൊതുമരാമത്തു നിരത്ത് വിഭാഗം)

വിശദമായ ചർച്ചയ്ക്ക് ശേഷം യോഗനടപടികൾ ഉച്ചയ്ക്ക് 12.30 മണിക്ക് അവസാനിച്ചു.

ചെയർമാൻ

ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, ആലപ്പുഴ

DEPUTY COLLECTOR (GENERAL)
COLLECTORATE, ALAPPUZHA

മെമ്പർ സെക്രട്ടറി
ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ
ആലപ്പുഴ

പകർപ്പ് :

പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും
ബഹു.റോഡ് സുരക്ഷാ കമ്മീഷണർ ,തിരുവനന്തപുരം

# ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ

തീയതി 02.05.2023

| SL No | NAME | DESIGNATION | SIGNATURE |
|---|---|---|---|
| 1 | SANTHOSH KUMAR S | ADM | |
| 2 | K.C. ANTONY | RTO (Enf) | |
| 3 | SHYJU D | SI POLICE | |
| 4 | Biju V | DEE (PWD) Roads Division Alp | 9744323854 eepwdroadsalp@gmai |
| 5 | Shanaja K.A | AE, KRFB, Alp. | 9847184671 |
| 6 | REKHA T | ARE PWD Roads Alpy | 9495477034 |

15/07/2023 രാവിലേ 12.00 മണിക്ക് ബഹു. ആലപ്പുഴ ജില്ലാ കളക്ടർ ഹരിത വി കുമാർ ന്റെ അധ്യക്ഷതയിൽ കൂടിയ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ

**യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ**

1. ശ്രീ.ചൈത്ര തെരേസ ജോൺ ജില്ലാ പോലീസ് മേധാവി
2. ശ്രീ.ആന്റണി കെ.സി ,ആർ.ടി.ഒ(എൻഫോഴ്സ്മെന്റ്) ,ആലപ്പുഴ
3. ശ്രീ.രമേശ് കുമാർ , ഡി വൈ സ് പി ക്രൈം ബ്രാഞ്ച്
4. ശ്രീ.ബിജു. വി, ഡി.ഇ .ഇ പൊതുമരാമത്തു നിരത്ത് വിഭാഗം, ആലപ്പുഴ
5. ശ്രീ. നന്ദ കിഷോർ സിംഗ്, റസിഡന്റ് എഞ്ചിനീയർ (എൻ എച് എ ഐ)

**ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈകൊണ്ടു.**

**പുതിയ അജണ്ടയിൽ ചർച്ച നടത്തുകയും താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

**കാര്യപരിപാടി ക്രമ നമ്പർ 1.** 02/05/2023 തിയതിയിൽ കൂടിയ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്തു.

**കാര്യപരിപാടി ക്രമ നമ്പർ 2.** . ജില്ലയിൽ വർധിച്ച വരുന്ന റോഡ് അപകടങ്ങളും റോഡ് അപകട മരണങ്ങളും വിശകലനം സംബന്ധിച്ച , ജില്ലാ പോലീസ് മേധാവിയുടെ 19-06-2023 തീയതിയിലെ കത്ത്

**തീരുമാനം**

ജില്ലയിൽ വർധിച്ച വരുന്ന റോഡ് അപകടങ്ങൾ സംബന്ധിച്ച ജില്ലയില ബ്ലാക്ക് സ്പോട്ടുകൾ കേന്ദ്രികരിച്ച വിവിധ വകുപ്പുകൾ നടത്തിയ റോഡ് സുരക്ഷാ ഓഡിറ്റ് വിശിദാംശങ്ങൾ ക്രോഡീകരിച്ച റിപ്പോർട്ട് നൽകുവാൻ പൊതുമരാമത്തു നിരത്ത് വിഭാഗത്തിനെ ചുമതലപെടുത്തി (നടപടി : പൊതുമരാമത്തു നിരത്ത് വിഭാഗം )

**കാര്യപരിപാടി ക്രമ നമ്പർ 3.** കേരളത്തിലെ റോഡ് അപകടങ്ങളും റോഡ് അപകട മരണങ്ങൾ കുറക്കുന്നതിന് Revenue,PWD,NHAI,Police,MVD,LSGD ടാസ്ക് ഫോഴ്സ് രൂപികരിച്ച പൊതുനിരത്തുകളിൽ വാഹനാപകടം ഉണ്ടാകാൻ സാധ്യതയുള്ള വിധത്തിലുള്ള തടസങ്ങളും , റോഡ് അപകടങ്ങൾ നടന്ന സ്ഥലങ്ങളിൽ നേരിട്ടു എത്തി പ്രസ്തുത അപകടം നടക്കാനുള്ള കാരണങ്ങളും അതിന്റ പരിഹാര മാർഗംങ്ങളും സംബന്ധിച്ച റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ചു. റോഡ് സേഫ്റ്റി കമ്മീഷണറുടെ 07-06-2023 തീയതിയിലെ കത്ത്

തീരുമാനം

മേൽ വിഷയത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം നിലവിലുള്ള അംഗങ്ങൾക്ക പുറമെ ലോക്കൽ ബോഡികളെ കൂടി ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപികരിച്ച റോഡ് ഉപയോക്താക്കൾക്ക് ജീവഹാനി / അപകടം ഉണ്ടാകുന്ന വിധത്തിലുള്ള മേഖലകൾ കണ്ടെത്തി റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുകയും, പൊതുനിരത്തുകളിൽ ഉള്ള അനധികൃത റോഡ് കൈയേറ്റങ്ങൾ ഒഴിവാക്കുകയും , റോഡിലും ഫുട്ട് പത്തിലും ഉപേക്ഷിക്കപ്പെട്ട വസ്തുക്കളും കണ്ടെത്തി നീക്കം ചെയ്യുകയും ,അപകടകരമായ അവസ്ഥയിലുള്ള മരങ്ങൾ മുറിച്ച മാറ്റേണ്ടതും ,റോഡരികിൽ അപകടം ഉണ്ടാകുന്ന രീതിയിലുള്ള പോസ്റ്റുകളും നിർമാണങ്ങളും മറ്റും കണ്ടെത്തി നീക്കം ചെയ്യാനുള്ള പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി:ലോക്കൽ ബോഡി,പൊതുമരാമത്തു നിരത്ത് വിഭാഗം,എൻ എച് എ ഐ,)

കാര്യപരിപാടി ക്രമ നമ്പർ 4. തുറവൂർ മുതൽ അരൂർ വരെ നടക്കുന്ന ദേശിയ പാത 66 വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട റോഡിലെ വെള്ള കെട്ടുകൾ (കത്തിയതോട്),നിർമാണ . പ്രവർത്തങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ അശാസ്ത്രീയമായ റോഡ് തടസപ്പെടുത്തൽ/ വീതികുറക്കൽ , ഡ്രൈവർമാർക്കുള്ള അറിയിപ്പ് ബോർഡുകളുടെ ദൗർലഭ്യം മൂലം വർധിച്ച അപകടസാധ്യതകൾ,താത്കാലികമായ നിർമിച്ച സർവീസ് റോഡുകളുടെ അശാസ്ത്രീയത വീതിക്കുറവ് ,നിർമാണ പ്രവർത്തങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ രാത്രി സമയങ്ങളിൽ ആവശ്യത്തിന് സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം , ജനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന പരാതികൾ സംബന്ധിച്ച.ജില്ലാ കളക്ടറുടെ 27-06-2023 തിയതിയിലെ കത്ത്.

തീരുമാനം

IRC SP 55-2014 മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള "വർക്ക് സോൺ ട്രാഫിക് മാനേജ്മെൻറ്റ് പ്ലാൻ" പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച ആറു വരി പാതയുടെ നിർമാണ പ്രവർത്തനങ്ങൾ നടത്തുക. വാഹനങ്ങളുടെ വേഗപരിധിക്ക ആനുപാതികമായി ആക്ടിവിറ്റി സോണിനു 500 മീറ്റർ മുൻപായി മലയാളത്തിലും /ഇംഗ്ലീഷിലു " മെൻ അറ്റ് വർക്ക് / വർക്ക് സോൺ " എന്ന അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുവാനും ,രാത്രി കാലങ്ങളിൽ ആക്ടിവിറ്റി സോണുകളിൽ മതിയായ 'റിട്രോ റിഫ്ലക്റ്റീവ് സ്റ്റിക്കേർസ് , സെല്ഫ് ലൈറ്റിംഗ് ബീക്കൻസ്' കൂടാതെ പ്രധാന പെട്ട സ്ഥലങ്ങളിൽ ഫ്ലാഗ്മാൻ , ട്രാഫിക് മാർഷൽ എന്നിവരെ നിയോഗിക്കുവാനും , പുതുതായി നിർമിക്കുന്ന താത്കാലിക സർവീസ് റോഡുകളിൽ ഉള്ള അനധികൃത പാർക്കിങ്, റോഡ് കൈയേറിയുള്ള വഴിയോര കച്ചവടങ്ങളിൽ എന്നിവ നീക്കം ചെയ്യുവാനും നിർദേശം നൽകി (നടപടി :എൻ എച് എ ഐ )

(PWD/RB/EST/8276/2023) സമർപ്പിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു. ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് ട്രാഫിക് എൻഫോഴ്സ്മെന്റ് മുഖേനയാണ് എന്ന് പൊതുനിരത്ത് വിഭാഗം അറിയിച്ചതിനാൽ ആയതിനു വേണ്ട തുടർ നടപടി സ്വീകരിക്കുവാൻ ട്രാഫിക് ചുമതലയുള്ള പോലീസിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ക്രമ നമ്പർ 19 ൽ** പറഞ്ഞിരിക്കുന്ന ആലപ്പുഴ-തണ്ണീർമുക്കം സംസ്ഥാന പാതയിൽ KPMUP School – ന് സമീപത്തുള്ള വളവുകളിൽ അപകടങ്ങൾ കുറയ്ക്കുവാനാവശ്യമായ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും അപകടങ്ങൾ പൂർണമായി ഒഴിവാക്കുന്നതിന് പ്രസ്തുത സ്ഥലത്തെ വളവുകൾ നിവർത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് ഈ ഭാഗത്തെ റോഡിൻറെ അതിർത്തി നിർണയിച്ചു തരുന്നതിന് അമ്പലപ്പുഴ തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. അതിർത്തി നിർണയിച്ചു ലഭിച്ചതിന് ശേഷം വളവുകൾ നിവർത്തി അപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 21 ൽ** പറഞ്ഞിരിക്കുന്ന തൈക്കാട്ടുശ്ശേരി പാലത്തിൽ നിന്നും തൈക്കാട്ടുശ്ശേരി പള്ളി വരെയുള്ള ഭാഗത്ത് ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് റോഡ് സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി pwd/rb/est/2195/2023 പ്രകാരം എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് ടെണ്ടർ നടപടി പുരോഗമിക്കുന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 23 ൽ** പറഞ്ഞിരിക്കുന്ന അത്രർ ക്ഷേത്രം ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് ദേശീയപാതയോട് ചേർന്ന് വരുന്ന ഭാഗത്ത് 19 മീറ്റർ വീതിയും കിഴക്കോട്ട് വീതി കുറഞ്ഞു 7 മീറ്ററും ആണ്. ആയതിനാൽ റോഡിൽ ഡിവൈഡർ നിർമിക്കുന്നത് അശാസ്ത്രീയമാണ് എന്നും ,സ്ഥലം ഏറ്റെടുത്തു ജംഗ്ഷൻ വികസനം നടത്തിയാൽ മാത്രമേ ഡിവൈഡർ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 29 ൽ** പറഞ്ഞിരിക്കുന്ന മാരാരിക്കുളം – പെരുമന ജംഗ്ഷനിൽ സ്റ്റഡ് , ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം അറിയിച്ചു. ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് ട്രാഫിക് എൻഫോഴ്സ്മെന്റ് മുഖേനയാണ് എന്ന് പൊതുനിരത്ത് വിഭാഗം അറിയിച്ചതിനാൽ ആയതിനു വേണ്ട തുടർ നടപടി സ്വീകരിക്കുവാൻ ട്രാഫിക് ചുമതലയുള്ള പോലീസിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ക്രമ നമ്പർ 30 ൽ** പറഞ്ഞിരിക്കുന്ന ഹരിപ്പാട് – എടത്വാ റോഡ് 9.7 KM ആണ്. അതിൽ ഹരിപ്പാട് – വീയപുരം റോഡിൽ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നും എടത്വാ –വീയപുരം റോഡ് നിലവിൽ RKI പ്രവർത്തിക്കായി KSTP കൊട്ടാരക്കരയുടെ അധീനതയിൽ ആണെന്നും അതിനാൽ ഈ വിഷയത്തിൽ മറുപടിക്കായി KSTP കൊട്ടാരക്കരയ്ക്കു കത്ത് നൽകിയതായും പൊതുമരാമത്ത് നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 33 ൽ** പറഞ്ഞിരിക്കുന്ന മാവേലിക്കര - ളാഹ ജംഗ്ഷനിൽ ട്രാഫിക് സുരക്ഷയെ മുൻനിർത്തി ഹംബ്ബുകൾക്ക് പകരം റംബിൾ സ്ട്രിപ്സ് ,ഡെലിനിയെറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി PWD/RB/FL/347/2023 പ്രകാരം 1,00,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട് എന്നും ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ് എന്നും പൊതുമരാമത്തു നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 33 ൽ** പറഞ്ഞിരിക്കുന്ന നേതാജി സുഭാഷ് ചന്ദ്രബോസ് റോഡിൽ കേരള വാട്ടർ അതോറിറ്റി അമൃത് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് സ്ഥാപിച്ചിരുന്നു എന്നും ഈ ഭാഗങ്ങൾ പുനർ നിർമ്മിക്കുന്ന പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു എന്നും പൊതുമരാമത്തു നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 36 ൽ** പറഞ്ഞിരിക്കുന്ന ചാത്തനാട് വളവിൽ ട്രാഫിക് സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PWD/RB/EST/8276/2023 പ്രകാരം സമർപ്പിച്ചിട്ടുണ്ട് എന്ന് പൊതുമരാമത്തു നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു.

**ക്രമ നമ്പർ 37 ൽ** പറഞ്ഞിരിക്കുന്ന മാവേലിക്കര - ബുദ്ധാ ജംഗ്ഷനിൽ സ്റ്റഡ് , ബോർഡുകൾ,റംബിൾ സ്ട്രിപ്സ് മുതലായവ സ്ഥാപിച്ചിട്ടുണ്ട് എന്നും ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് ട്രാഫിക് എൻഫോഴ്സ്മെന്റ് മുഖേനയാണ് എന്ന് പൊതുനിരത്തു വിഭാഗം അറിയിച്ചതിനാൽ ആയതിനു വേണ്ട തുടർ നടപടി സ്വീകരിക്കുവാൻ ട്രാഫിക് ചുമതലയുള്ള പോലീസിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**തുടർന്ന് പുതിയ അജണ്ടയിൽ ചർച്ച നടത്തുകയും താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

1. ആലപ്പുഴ ബൈപാസിൽ സ്പീഡ് റഡാർ ക്യാമറകൾ സ്ഥാപിക്കുന്നത് കാലതാമസം വരുന്നത് ഒഴിവാക്കി അടിയന്തിരമായി പരിഗണിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് കത്ത് അയക്കുവാൻ തീരുമാനിച്ചു.(നടപടി:ആർ.ടി.ഒ .എൻഫോഴ്സ്മെന്റ്)

2.ആലപ്പുഴ നഗരത്തിൽ PWD റോഡ് നടപ്പാത കൈയേറി തെരുവ് കച്ചവടക്കാർ കച്ചവടം നടത്തുന്നത് സംബന്ധിച്ച് N C John Company Secretary കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നൽകിയ പരാതിയിൽ 15-05-2023 തീയതിയിൽ ഒഴിഞ്ഞുപോകുവാൻ നോട്ടീസ് നൽകിയതായി എന്ന് പൊതുമരാമത്തു നിരത്ത് വിഭാഗം, ആലപ്പുഴ അറിയിച്ചു. ഈ വിഷയത്തിൽ തുടർ നിയമനടപടി സ്വീകരിക്കുവാനും ആയതു റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകി.(നടപടി: പൊതുമരാമത്തു നിരത്ത് വിഭാഗം)

3.ആലപ്പുഴ തിരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ NATPAC മുഖേന നടത്തുകയും അത് പ്രകാരം തയ്യാറാക്കിയ അലൈൻമെന്റ് സ്കെച്ച് അനുസരിച്ചാണ് സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലവിലുള്ള റോഡിലെ വളവുകൾ നിവർത്തുന്നത് മൂലം റോഡിനിരുവശത്തുനിന്നും തുല്യ അളവിൽ സ്ഥലം ഏറ്റെടുക്കുന്നതിനു പകരം ഒരുവശത്തു നിന്നു മാത്രം കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ടി പരാതിക്കാരന്റെ

31.12.2022 ലെ പരാതി 3.01 .2023 ൽ NATPAC ലേക്ക് കൈമാറിയിട്ടുള്ളതാണ് എന്ന് കെ ആർ എഫ് ബി അറിയിച്ചു.

**4.** മാവേലിക്കര പോലീസ് സ്റ്റേഷന് മുൻവശം PWD റോഡ് കൈയേറി പച്ചക്കറി വ്യാപാരം നടത്തുന്നത് സംബന്ധിച്ച ശ്രീ. ഷിനോജ് എസ് ബഹു.ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ നോട്ടീസ് നൽകി തുടർ നിയമനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി. (നടപടി: പൊതുമരാമത്തു നിരത്ത് വിഭാഗം)

**5.** ചെങ്ങന്നൂർ – കല്ലിശ്ശേരി ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നത് സംബന്ധിച്ച ശ്രീ. മാത്യു കുഴൽനാടൻ എം എൽ എ ബഹു.ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ പറഞ്ഞിരിക്കുന്ന ആലപ്പുഴ ജില്ലയിൽ കല്ലിശ്ശേരി, പ്രാവിൻകൂട് ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകളും ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ, കെൽട്രോൺ സമർപ്പിച്ച 28,38,380/-രൂപയുടെ പ്രപ്പോസൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗം അംഗീകരിക്കുകയും ,തുക അനുവദിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകിയിരുന്നു. ആയതിൽ 03-02-2023 തീയതിയിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ലഭിച്ച എ2/649/കെ.ആർ.എസ്.എ/2020 കത്ത് പ്രകാരം കെൽട്രോൺ സമർപ്പിച്ച പ്രപ്പോസലിൽ കെ.ആർ.എസ്.എ ടെക്നിക്കൽ കമ്മറ്റി നടത്തിയ സാധ്യത പഠനത്തിൽ കല്ലിശ്ശേരി ജംഗ്ഷനിൽ സോളാർ പവർ ബ്ലിങ്കർ മാത്രമാണ് അനുവദിച്ചു നൽകിയത്. ആയതു നിർമിച്ചു നൽകുവാൻ കെൽട്രോൺ ട്രാഫിക് സിഗ്നൽ ജനറൽ മാനേജർക്ക് കത്ത് നല്കിയിട്ടുള്ളതും ആണ്.

ഈ വിഷയത്തിൽ കല്ലിശ്ശേരിയിൽ അനുവദിച്ചിരിക്കുന്ന ബ്ലിങ്കർ ലൈറ്റുകൾ മാത്രം പോരാ എന്നും അപകടങ്ങൾ കുറയ്ക്കുവാനും ഗതാഗത നിയന്ത്രണത്തിനും ട്രാഫിക് സിഗ്നൽ ലൈറ്റുകൾ അനുവദിക്കുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് കത്ത് നൽകുവാൻ യോഗം തീരുമാനിച്ചു. (നടപടി:ആർ.ടി.ഒ .എൻഫോഴ്സ്മെന്റ് )

**6.** കളർകോട്-കൊമ്മാടി ട്രാഫിക് സിഗ്നലുകൾ സ്ഥിരമായി പ്രവർത്തനരഹിതമാകുന്നത് അടിയന്തിരമായി പരിഹരിക്കുന്നതിനും ആയതു റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകി. (നടപടി: പൊതുമരാമത്തു നിരത്ത് വിഭാഗം)

**7.**ദേശിയപാത-66 കളർകോട് ജംഗ്ഷനിൽ റിലയൻസ് സൂപ്പർ മാർക്കറ്റിനു മുൻ ഭാഗത്തായി മഴക്കാലത്തു റോഡിൽ കെട്ടികിടക്കുന്ന മലിനജലം ജലസ്രോതസിൽ ചേരുന്നതിനായി ഓടകൾ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തിരുമാനിച്ചു.(നടപടി: ദേശീയപാത വിഭാഗം)

**8.** നേതാജി സുഭാഷ് ചന്ദ്രബോസ് റോഡ് അനുമതി ലഭിച്ചു, ഉടൻ നിർമാണ ജോലികൾ ആരംഭിക്കുമെന്ന് പൊതുമരാമത്തു നിരത്ത് വിഭാഗം അറിയിച്ചു. (നടപടി: പൊതുമരാമത്തു നിരത്ത് വിഭാഗം)

9. സംയുക്ത പരിശോധനയിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് താത്കാലിക സൗകര്യം ഒരുക്കുന്നതിന് ജില്ലാ ഭരണകൂടം തയ്യാറാണ് എന്ന് അറിയിച്ചു. (നടപടി: ജില്ലാ ഭരണകൂടം- പോലീസ്)

10. പെണ്ണുക്കര കനാൽ ജംഗ്ഷൻ മുതൽ നെട്ടവാരംകോട് വരെയുള്ള റോഡിലെ അപകടം ഒഴിവാക്കുന്നത് സംബന്ധിച്ച് ബഹു. ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രിയും എം.എൽ.എ യുമായ ശ്രീ.സജി ചെറിയാൻ അവർകളുടെ 22-12-2022 തിയതിയിലെ കത്തിൽ നടപടിയും റിപ്പോർട്ടും നൽകുവാൻ പൊതുമരാമത്തു നിരത്ത് വിഭാഗത്തിന് നിർദ്ദേശം നൽകി. (നടപടി: പൊതുമരാമത്തു നിരത്ത് വിഭാഗം)

വിശദമായ ചർച്ചയ്ക്ക് ശേഷം യോഗനടപടികൾ ഉച്ചയ്ക്ക് 12.30 മണിക്ക് അവസാനിച്ചു.

ചെയർമാൻ
ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, ആലപ്പുഴ
DEPUTY COLLECTOR (GENERAL)
COLLECTORATE, ALAPPUZHA

മെമ്പർ സെക്രട്ടറി
ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ
ആലപ്പുഴ

Regional Transport Officer (Enforcement) Alappuzha

OFFICE OF THE DISTRICT COLLECTOR ALAPPUZHA KERALA STATE

പകർപ്പ് :

പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും
ബഹു.റോഡ് സുരക്ഷാ കമ്മീഷണർ ,തിരുവനന്തപുരം

## ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ,ആലപ്പുഴ

തീയതി - 15.07.2023

| Sl No. | Name | Designation | Signature |
|---|---|---|---|
| 1 | Haritha V kumar | | [signature] |
| 2 | Chaitra John | | [signature] |
| 3 | P.V. Ramesh Kumar | Dy.SP DCB | [signature] |
| 4 | Antony. KC | RTO (Enf) | [signature] |
| 5 | Byju L | DEE PWD Roads Div. Alappuzha | [signature] |
| 6 | N.K. Singh (RO) | Feed Back Infra structure | [signature] |

**09-06-2025 തീയതി രാവിലെ 12:25 മണിക്ക് ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കളക്ടർ ശ്രീ അലക്സ് വർഗീസിൻറെ അധ്യക്ഷതയിൽ കൂടിയ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ**

**യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ**

1. ശ്രീ അലക്സ് വർഗീസ്, ആലപ്പുഴ ജില്ല കളക്ടർ.
2. എം പി മൊഹന ചന്ദ്രൻ, ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ്, ആലപ്പുഴ.
3. ദില്ല എ കെ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെൻറ് ), ആലപ്പുഴ
4. ഗൗരി കാർത്തിക, എ.ഇ.ഇ പി.ഡബ്ല്യു.ഡി ആലപ്പുഴ.
5. ഏബിൾമോൻ എൽ, അസി .എക്സി. എഞ്ചിനീയർ എൻ എച്ച് സൗത്ത് ഡിവിഷൻ.

**യോഗം കൃത്യം 12.20 മണിക്ക് ആരംഭിച്ചു.**

**ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

**പുതിയ അജണ്ടയിൽ ചർച്ച നടത്തുകയും താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

**കാര്യപരിപാടി ക്രമനമ്പർ** 1. 15-07-2023 തീയതിയിൽ കൂടിയ ജില്ലാ റോഡ് സുരക്ഷാ കൗണ്സിലിന്റെ യോഗത്തിന്റെ തീരുമാനങ്ങളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്തു

**കാര്യപരിപാടി ക്രമനമ്പർ 2.** ആലപ്പുഴ ജില്ലയിൽ കല്ലിശ്ശേരി ജംഗ്ഷനിൽ സോളാർ പവേർഡ് ബ്ലിങ്കർ ലൈറ്റ് സ്ഥാപിച്ചു ആയതു പ്രവർത്തനക്ഷമം ആയി എന്ന് കാണിച്ചു കെൽട്രോൺൽ നിന്ന് കംപ്ലീഷൻ സർട്ടിഫിക്കറ്റും വർക്ക് പൂർത്തിയാക്കിയതിന്റ പയ്മെന്റ് ഇൻവോയിസും ആർ ടി ഓ എൻഫോഴ്‌സ്മെന്റ് ആലപ്പുഴ ഓഫിസിലേക്കു അയച്ചു നൽകിയിട്ടുണ്ട് . കല്ലിശ്ശേരി ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പവേർഡ് ബ്ലിങ്കർ ലൈറ്റ് എല്ലാം തന്നെ പ്രവർത്തനക്ഷമം ആണ് എന്ന് ആർ ടി ഓ എൻഫോഴ്‌സ്മെന്റ് ഓഫിസിലെ ഉദ്യോഗസ്ഥർ അന്വേഷിച്ചു ഉറപ്പു വരുത്തി, ആയത്തിന്റ ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേൽ വർക്കിന് വേണ്ടി KRSA യിൽ നിന്ന് അനുവദിച്ച 1,05,000/- രൂപ (ഒരു ലക്ഷത്തി അയ്യായിരം രൂപ) കെൽട്രോണിന് ട്രാൻസ്ഫർ ചെയ്യുന്നതിനായി മേൽ വിഷയം യോഗത്തിൽ അവതരിപ്പിക്കുന്നു .

**തീരുമാനം**

ആലപ്പുഴ ജില്ലയിലെ കല്ലിശ്ശേരി ജംഗ്ഷനിൽ സോളാർ പവേർഡ് ബ്ലിങ്കർ ലൈറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട റിപ്പോർട്ടിൽ, റിപ്പോർട്ട് പ്രകാരം കെ ആർ എസ് ഐ യിൽ നിന്ന് അനുവദിച്ച ഒരു ലക്ഷത്തി അയ്യായിരം രൂപ Keltron ണിന് ട്രാൻസ്ഫർ ചെയ്യുന്നത് ആയി യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ കല്ലിശ്ശേരി ജംഗ്ഷനിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ബ്ലിങ്കർ ലൈറ്റ് അല്ലെങ്കിൽ സിഗ്നൽ ലൈറ്റ് ഇതിൽ ഏതാണ് കെൽട്രോണിന്റെ മേൽനോട്ടത്തിൽ എന്നതിൽ ഒരു വ്യക്തത വരുത്തേണ്ടതുണ്ട്. അതിനായി പോലീസ്, മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റ് സംയുക്തപരിശോധന നടത്തി ഏഴ ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

**കാര്യപരിപാടി ക്രമനമ്പർ 3.** ആലപ്പുഴ ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് മുൻപിലും പരിസരത്തും അപകട ഭീഷണി ഉയർത്തി റോഡിലേക്ക് വളർന്നുനിക്കുന്ന മരത്തിന്റെ അപകട സാധ്യതയുള്ള മരക്കമ്പ് മുറിക്കുന്നതു സംബന്ധിച്ച്.

**തീരുമാനം**

ആലപ്പുഴ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് മുൻപിലും പരിസരത്തും അപകട ഭീഷണി ഉയർത്തി റോഡിലേക്ക് വളർന്നുനിൽക്കുന്ന മരത്തിന്റെ അപകടസാധ്യതയുള്ള മരക്കൊമ്പ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചയിൽ ആയതിനു വേണ്ട അനുമതി ലഭിക്കുന്നതിന് ഡി.ഇ.ഒ ക്ക് കത്ത് തയ്യാറാക്കി നൽകുവാൻ നിർദേശിച്ചു.

**കാര്യപരിപാടി ക്രമനമ്പർ 4.** ഗ്യാസ് പൈപ്പ് ലൈൻ വർക്കിനായി ആലപ്പുഴ ജില്ലയിലെ വിവിധ റോഡുകളിൽ നടത്തിയ വർക്കുകളോടനുബന്ധിച്ച റോഡ് ഗുണനിലവാരത്തോടുകൂടി ടാറിംഗ് നടത്തി പൂർണ ഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ചു.

**തീരുമാനം**

ആലപ്പുഴ ജില്ലയിലെ വിവിധ റോഡുകളിൽ ഗ്യാസ് പൈപ്പ് ലൈൻ വർക്കിനായി നടത്തിയ വർക്കുകളോട് അനുബന്ധിച്ച് പ്രസ്തുത ജോലിക്ക് ശേഷം റോഡ് ഗുണനിലവാരത്തോടുകൂടി പണിചെയ്ത് ടാറിങ് നടത്തി പൂർണ്ണഗതാഗത യോഗ്യമാക്കിയോ എന്ന് പരിശോധിക്കുന്നതിന് വേണ്ടി NHAI, PWD റോഡ് എന്നീ വകുപ്പുകൾക്ക് ചുമതല നൽകി ആയതിന്റെ റിപ്പോർട്ട് 30 ദിവസത്തിനകം സമർപ്പിക്കുവാനും നിർദ്ദേശിച്ചു.

(നടപടി: NHAI, പിഡബ്ല്യുഡി റോഡ് വിഭാഗം)

**കാര്യപരിപാടി ക്രമനമ്പർ 5.** ചെങ്ങന്നൂർ താലൂക്ക് , മംഗലം - കരയോഗം റോഡിലെ ബി എസ് എൻ എൽ ഓഫീസ് കഴിനുള്ള ജംഗ്ഷനിൽ ഇരു വശങ്ങളിൽ നിന്ന് വരുന്ന വാഹനങ്ങൾ കാണാൻ സാധിക്കാത്തതിനാൽ റോഡ് അപകടങ്ങൾ ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്ന ടി ജംഗ്ഷനിൽ കോൺവ്യക്സ് മിറർ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

ചെങ്ങന്നൂർ താലൂക്ക് - മംഗലം കരയോഗം റോഡിലെ ബിഎസ്എൻഎൽ ഓഫീസ് കഴിഞ്ഞുള്ള ജംഗ്ഷനിൽ ഇരുവശങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ കാണാൻ സാധിക്കാത്തതിനാൽ റോഡ് അപകടങ്ങൾ ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കെ convex മിറർ സ്ഥാപിക്കുവാനും, കൂടാതെ റംബിൾ സ്ട്രിപ്പുകൾ പോലുള്ള മാർഗങ്ങൾ ഉപയോഗിച്ച് സ്പീഡ് നിയന്ത്രിക്കുന്നതിനുള്ള പ്രായോഗികത മനസ്സിലാക്കി ആയതിലേക്കുള്ള റിപ്പോർട്ട് 14 ദിവസത്തിനുള്ളിൽ സമർപ്പിക്കുവാൻ പിഡബ്ല്യൂഡി റോഡ് വിഭാഗത്തിനോട് നിർദ്ദേശിച്ചു.

(നടപടി: പിഡബ്ല്യൂഡി റോഡ് വിഭാഗം)

**കാര്യപരിപാടി ക്രമനമ്പർ 6.** ആലപ്പുഴ കൈതവന ജംഗ്ഷനിൽ തുടർച്ചയായി റോഡ് അപകടങ്ങൾ ഉണ്ടാകുന്നത് കാരണം ടി ജംഗ്ഷനിൽ സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

കൈതവന ജംഗ്ഷനിലെ നിലവിലെ ഗതാഗത തിരക്കും തിരക്കിനെ നിയന്ത്രിക്കുന്നതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റിലെ സമയക്രമീകരണങ്ങളുടെ ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് പ്രസ്തുത ലൈറ്റ് ഇപ്പോൾ ബ്ലിങ്കർ ലൈറ്റ് ആയിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന് പിഡബ്ല്യൂഡി റോഡ് വിഭാഗം അറിയിച്ചു. പ്രസ്തുത ജംഗ്ഷനിൽ കോൺക്രീറ്റ് റോഡുകളും ഉള്ളതിനാൽ ഗതാഗതം നിയന്ത്രണത്തിനും സ്പീഡ് ലിമിറ്റ് ചെയ്യുന്നതിനും വേണ്ടി മറ്റു പ്രായോഗികമായ മാർഗങ്ങൾ (റംബിൾ സ്ട്രിപ്പ് പോലുള്ള) ഗതാഗത നിയന്ത്രണ മാർഗങ്ങളുടെ പ്രായോഗികത മനസ്സിലാക്കി ആയതിനു വേണ്ട റിപ്പോർട്ട് സമർപ്പിക്കുവാൻ പിഡബ്ല്യൂഡി റോഡിനോട് നിർദ്ദേശിച്ചു. ഇവിടെ വടക്ക് ഭാഗത്തുള്ള റോഡ് ടാർ റോഡ് ആയതിനാൽ റംബിൾ സ്ട്രിപ്പ് ഇമ്പ്ലിമെന്റ് ചെയ്യാൻ കഴിയുമെന്ന് യോഗം തീരുമാനിച്ചു. മറ്റുള്ള റോഡുകൾ കോൺക്രീറ്റ് റോഡ് ആയതിനാൽ റംബിൾ പ്രായോഗികമല്ല എന്ന് മനസ്സിലാക്കി. പ്രസ്തുത ടാർ റോഡിൽ റംബിൾ സ്ട്രിപ്പ് ജംഗ്ഷനിൽ നിന്നും 15 മീറ്റർ മാറി സ്ഥാപിക്കാൻ ആണ് നിർദ്ദേശിച്ചത്. പ്രസ്തുത സ്ഥലത്ത് സിഗ്നൽ ലൈറ്റ്

പകൽ 11 മണി മുതൽ 2 മണി വരെ പരീക്ഷണാർത്ഥം പ്രവർത്തിപ്പിച്ചുനോക്കുന്നതിനെ പറ്റി ആലപ്പുഴ എൻഫോഴ്സ്മെൻറ് ആർ.റ്റി. ഒ അഭിപ്രായം അറിയിച്ചു.

(നടപടി: പിഡബ്ല്യുഡി റോഡ് വിഭാഗം, Police)

**കാര്യപരിപാടി ക്രമനമ്പർ** 7. ആലപ്പുഴ തണ്ണീർമുക്കം സ്റ്റേറ്റ് ഹൈവേ റോഡിൽ കാവുങ്ങൽ വടക്കേത്തറമൂട് KPM UP സ്കൂളിന് സമീപത്തുള്ള റോഡിലെ തുടർച്ചയായുള്ള രണ്ടു വളവുകൾ കാരണം റോഡാ അപകടങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

ആലപ്പുഴ തണ്ണീർമുക്കം സ്റ്റേറ്റ് ഹൈവേ റോഡിൽ കാവുങ്ങൽ വടക്കേത്തറ മൂട് കെപിഎം യുപി സ്കൂളിന് സമീപത്തുള്ള റോഡിലെ തുടർച്ചയായി ഉള്ള രണ്ടു വളവുകൾ കാരണം റോഡപകടങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വേണ്ടി ഇരു വശങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി റബ്ബർ സ്ട്രിപ്പ് പോലുള്ള സംവിധാനവും, റോഡിൻറെ വളവുകൾ ഉള്ള ഭാഗത്തു വശം ചേർന്ന് ബ്ലിങ്കർ ലൈറ്റ് സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പ്രൊപോസൽ തയ്യാറാക്കാൻ PWD Road നോട് ആവശ്യപ്പെട്ടു.

(നടപടി: പിഡബ്ല്യുഡി റോഡ് വിഭാഗം)

**കാര്യപരിപാടി ക്രമനമ്പർ 8.** ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്ക് തുച്ചട്ടുകളംകവലയിലും പെരുമ്പളം ജംങ്ഷനിലെ കവലയിലും ഉള്ള റോഡ് അപകടങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

ചേർത്തല അരൂക്കുറ്റി റോഡിൽ തുച്ചാറ്റുകളം ജംഗ്ഷന്റെ ഇരു വശങ്ങളിലും രണ്ട് വളവുകൾ മെയിൻ റോഡിൽ ഉള്ളതിനാൽ ജംഗ്ഷന്റെ ഇരുവശങ്ങളിലും അനുയോജ്യമായ വേഗത നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുവാനും, MLA റോഡ് മെയിൻ റോഡിൽ വന്നു ചേരുന്ന ഭാഗത്തു ഹംബ് സ്ഥാപിക്കുവാനും ജംഗ്ഷനറെ അറ്റത്തു സ്ഥിതിചെയ്യുന്ന ഓട്ടോ സ്റ്റാൻഡ് പുറകോട്ടു മാറ്റുവാനും വേണ്ട നടപടി കൈക്കൊള്ളുവാൻ നിർദ്ദേശിച്ചു. MLA റോഡിൽ നിന്ന് വരുന്ന വാഹങ്ങൾക്ക് വലത്തേക്ക് തിരിയുമ്പോൾ വിസിബിലിറ്റി ബ്ലോക്ക് അകത്തിരിക്കാൻ മരം മുറിച്ചു നീക്കുകയോ convex മിറർ സ്ഥാപിക്കുകയൊ ചെയ്യുവാനും നിർദ്ദേശിച്ചു.

(നടപടി: പിഡബ്ല്യുഡി റോഡ് വിഭാഗം)

**കാര്യപരിപാടി ക്രമനമ്പർ 9.** പൊതു വിദ്യാഭാസ ഡയറക്ടറുടെ ലെ സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി ഉള്ള നിർദേശത്തിൽ സ്കൂൾ പരിസരത്തു മുന്നറിയിപ്പ് ബോർഡ്കളും ട്രാഫിക് സൈൻ ബോർഡുകളും സ്ഥാപിക്കണമെന്നു നിർദേശമുണ്ട്. ജില്ലയിലെ സ്കൂൾ സോൺ പരിശോദിച്ചു പരിഹാരം നടത്താവുന്നതാണ്.

**തീരുമാനം**

ഈ വിഷയത്തിൽ പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി ചേർന്ന് ആവശ്യമുള്ള സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കാൻ ആവശ്യപ്പെട്ടു. സ്കൂളുകളുടെ ലിസ്റ്റും സ്ഥലവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായറിപ്പോർട്ട് സമർപ്പിക്കുവാനും ആവശ്യപ്പെട്ടു.

**കാര്യപരിപാടി ക്രമനമ്പർ 10.** കല്ലിശ്ശേരി ജംഗ്ഷനിൽ അപകഭീഷണി ഉയർത്തി നിൽക്കുന്ന ആൽമരം പൂർണമായോ ഭാഗികമായോ വെട്ടി മാറ്റുന്നത് സംബന്ധിച്ച്.

**തീരുമാനം**

കല്ലിശ്ശേരി ജംഗ്ഷനിൽ അപകഭീഷണി ഉയർത്തി നിൽക്കുന്ന ആൽമരം പൂർണമായോ ഭാഗികമായോ വെട്ടി മാറ്റുന്നതിനൊ വേണ്ടിയുള്ള നടപടി സ്വീകരിക്കുവാൻ KSTP ക്ക് നിർദ്ദേശം നല്കുവാൻ യോഗം തീരുമാനിച്ചു.

(നടപടി:KSTP)

**കാര്യപരിപാടി ക്രമനമ്പർ** 11. സ്കൂൾ ബസ് യാത്ര സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ തിക്കും തിരക്കും ഒഴിവാക്കുന്നതിലേക്കായി ക്ലാസ് മുറ അനുസരിച്ചു വിദ്യാർത്ഥികളെ ക്ലാസ്സിൽ നിന്നും വിടുന്നതിലുള്ള സമയക്രമീകരണം സംബന്ധിച്ച്.

**തീരുമാനം**

സ്കൂൾ ബസ് യാത്ര സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ തിക്കും തിരക്കും ഒഴിവാക്കുന്നതിനായി ക്ലാസ് മുറഅനുസരിച്ച് വിദ്യാർഥികളെ ക്ലാസ്സിൽ നിന്നും വിടുന്നതിനുള്ള സമയക്രമീകരണത്തിന് വേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ കത്ത് District Education Officer ക്ക് നൽകുവാൻ നിർദ്ദേശിച്ചു.

വിശദമായ ചർച്ചയ്ക്ക് ശേഷം യോഗ നടപടികൾ കൃത്യം 01.15 മണിക്ക് അവസാനിച്ചു.

ചെയർമാൻ
റോഡ് സുരക്ഷാ കൗൺസിൽ ആലപ്പുഴ

DISTRICT COLLECTOR
ALAPPUZHA

മെമ്പർ സെക്രട്ടറി
ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ
ആലപ്പുഴ

പകർപ്പ്:

പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും
ബഹു. റോഡ് സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം